
# Arivintejalakam.com

For Free Kerala PSC Video Classes Vist :

Arivinte Jalakam [Youtube Channel]

For Notes & Solved Question Papers Visit :

Arivintejalakam.Com




## ആമുഖം

**കേരളത്തിൽ ജീവിച്ചിരുന്ന മഹാനായ ഒരു  സാമൂഹിക പരിഷ്കർത്താവും, വേദാന്തിയുമായിരുന്നു  ആയിരുന്നു ശ്രീനാരായണഗുരു.**

**കേരള നവോത്ഥാന ചരിത്രത്തിൽ വളരെ വലിയ പങ്ക് വഹിച്ചിട്ടുള്ള അദേഹത്തെ “കേരള നവോധനതിന്റെ പിതാവ്” എന്നാണ് അറിയപ്പെടുന്നത്**

Arivintejalakam.com

## ജനനം

**തിരുവന്തപുരത് ചെമ്പഴന്തിയിൽ വയൽവാരം വിട്ടിൽ കൊച്ചുവിളയിൽ മാടൻ എന്ന മാടനാശാൻറെയും കുട്ടിയമ്മയുടെയും മകനായി ക്രിസ്തുവർഷം 1856ഓഗസ്റ്റ് 20നാണ് ആദേഹം ജനിച്ചത് ഈ ജനന തിയതിയെ ചൊല്ലി ഇപ്പോഴും തർകം നിലനിൽക്കുന്നുണ്ട് 1854,1855,1856 എന്ന് പല വർഷങ്ങൾ പറയുന്നവരുണ്ട് എന്നാൽ Kerala PSCയുടെ ഉത്തരം 1856 ആണ്**

## പിതാവ്

ശ്രീ നാരായണ ഗുരുവിൻറെ പിതാവായ കൊച്ചുവിളയിൽ മാടൻ ഒരു സംസ്കൃത അദ്ധ്യാപകനായിരുന്നു. അദ്ധ്യാപകനായിരുന്നതിനാൽ ആശാൻ എന്ന പേർ ചേർത്ത് മാടനാശാൻ എന്നാണ് അദ്ദേഹം അറിയപെട്ടിരുന്നത്

## ബാല്യകാലം

ശ്രീ നാരായണ ഗുരുവിൻറെ ബാല്യകാല നാമം നാണു എന്നായിരുന്നു.

അദേഹത്തിന് തേവിയമ്മയെന്നും, കൊച്ചുവെന്നും, മാതയെന്നും പേരുള്ള മൂന്ന് സഹോദരിമാരുണ്ടായിരുന്നു

## വിവാഹം

സഹോദരിമാരുടെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം കാളിയമ്മ എന്ന സ്ത്രീ യെ വിവാഹം കഴിച്ചെങ്കിലും ഇ ബന്ധം അധിക കാലം നില നിന്നില്ല എന്നാണ് പറയപെടുന്നത് (വിവാഹം കഴിച്ചു എന്നും കഴിച്ചില്ല എന്നും വാദിക്കുന്നവരുണ്ട്)

## വിദ്യാഭ്യാസം

ചെമ്പഴന്തിപിള്ള എന്ന ആശാനായിരുന്നു നാണുവിനെ എഴുത്തിനിരുത്തിയത്. ഇദ്ദേഹം പഴയ എട്ടുവീട്ടിൽ പിള്ളമാരിൽ ഒരാളായിരുന്നു.

എട്ടു വീട്ടിൽ മൂത്ത പിള്ളയിൽ നിന്ന് നാരായണ ഗുരു സിദ്ധരൂപം, ബാലപ്രബോധനം, അമരകോശം എന്നീ പുസ്തകങ്ങളിലും കൂടാതെ തമിഴ്, സംസ്കൃതം, മലയാളം എന്നീ ഭാഷകളിലും പാണ്ഡിത്യം നേടി.

അതുപോലെ പിതാവായ മാടനാശാനിൽ നിന്നും അമ്മാവനായ കൃഷ്ണൻ വൈദ്യനിൽ നിന്നും വൈദ്യവും ജ്യോതിഷവും അദ്ദേഹം സ്വായത്തമാക്കിയിരുന്നു.

22 വയസ്സായപ്പോൾ (1878) നാണുവിനെ തുടർന്നു പഠിക്കുവനായി കായംകുളത്തുള്ള പണ്ഡിതനായ കുമ്മമ്പള്ളിൽ രാമൻപിള്ള ആശാൻ്റെ അടുത്തേക്ക് അയച്ചു.

കായംകുളത്തുള്ള പ്രസിദ്ധമായ വാരണപ്പള്ളി തറവാട്ടിലായിരുന്നു എന്ന വീട്ടിലായിരുന്നു നാണു താമസിച്ചിരുന്നത്. അതായത് ആറാട്ടുപുഴ വേലായുധ പണിക്കരുടെ തറവാട്ടിൽ. ആറാട്ടുപുഴ വേലായുധ പണിക്കർ മറ്റൊരു നവോത്ഥാന നായകനാണ്

സംസ്കൃതഭാഷ, പദ്യസാഹിത്യം, നാടകം,സാഹിത്യവിമർശനം, തർക്കശാസ്ത്രം എന്നി വിഷയങ്ങളായിരുന്നു അവിടെ അഭ്യസിച്ചിരുന്നത്. രണ്ടു വർഷങ്ങൾ കൊണ്ടു തന്നെ അദ്ദേഹം വിദ്യകൾ എല്ലാം സ്വായത്തമാക്കി തൻറെ ഗ്രാമത്തിലേക്ക് തിരിച്ചു പോയി.

## നാണുവാശാൻ

ഗ്രാമത്തിൽ തിരിച്ചെത്തിയ അദ്ദേഹം ചെമ്പഴന്തിയിൽ കുടിപ്പള്ളിക്കൂടം കെട്ടി വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ആരംഭിച്ചു. അദ്ധ്യാപകവൃത്തി അദ്ദേഹത്തിനു നാണുവാശാൻ എന്ന പേരു നേടിക്കൊടുത്തു. പഠിപ്പിക്കുന്നതിനിടയിലും അദ്ദേഹം തൻറെ സത്യാന്വേഷണ പരീക്ഷണങ്ങൾ തുടർന്നു, സമീപപ്രദേശങ്ങളിൽ അദ്ദേഹം കാൽനടയായി യാത്രചെയ്തും പ്രസംഗിച്ചും തൻറെ കവിതകൾ ചൊല്ലിയും ജനങ്ങളിൽ തത്വചിന്തയും, സമഭാവനയും വളർത്താനും ശ്രമിച്ചു

## ചട്ടമ്പിസ്വാമികളുമായി ഉള്ള കണ്ടുമുട്ടൽ

1885-ൽ പിതാവ് മരിച്ചതിനു ശേഷം ഗ്രാമങ്ങളിൽ അദ്ദേഹം നിത്യ സഞ്ചാരം തുടങ്ങി. ഇതിനിടയിൽ അദ്ദേഹം കുഞ്ഞൻപിള്ളയുമായി പരിചയപ്പെട്ടു. ഇദ്ദേഹമാണ് പിന്നീട് അദ്ദേഹത്തിന്റെ ആത്മമിത്രമായി മാറിയ ചട്ടമ്പിസ്വാമികൾ. 1882ൽ ചെമ്പഴന്തിക്ക് സമീപമുള്ള അണിയൂർ ക്ഷേത്രത്തിൽ വെച്ചാണ് ശ്രീ നാരായണ ഗുരു ചട്ടമ്പിസ്വാമികളെ കണ്ടുമുട്ടുന്നത്

## മറ്റു ചില കണ്ടു മുട്ടലുകൾ

1895ൽ Dr. പൽപ്പുവിനെ കണ്ടുമുട്ടി.1895ൽ ബാംഗ്ലൂരിൽ വച്ചാണ് ശ്രീ നാരായണ ഗുരുവിനെ Dr. പൽപ്പു കണ്ടുമുട്ടിയത്

1892ൽ സ്വാമി വിവേകാനന്ദൻ (സാഹചര്യം: സ്വാമി വിവേകാനന്ദൻറെ കേരള സന്ദർശനം)

1922ൽ മഹാകവി രവീന്ദ്രനാഥ ടാഗോർ

1925ൽ ഗാന്ധിജി (സാഹചര്യം: വൈകം സത്യാഗ്രഹം)

## തൈക്കാട് അയ്യാസ്വാമിയുമായുള്ള കണ്ടുമുട്ടൽ

കുഞ്ഞൻപിള്ള (ചട്ടമ്പിസ്വാമികൾ) വഴി തൈക്കാട് അയ്യാസ്വാമികളെ പരിചയപ്പെട്ട ഗുരു അദ്ദേഹത്തിൻറെ കീഴിൽ ഹഠയോഗം മുതലായ വിദ്യകൾ അഭ്യസിച്ചു.

## ഗുരുവിൻറെ ഗുരുക്കന്മാർ

കൊച്ചുവിളയിൽ മാടൻ ആശാൻ, എട്ടുവീട്ടിൽ പിള്ളമാർ , കുമ്മമ്പള്ളിൽ രാമൻപിള്ള ആശാൻ, തൈക്കാട് അയ്യാസ്വാമി എന്നിവരായിരുന്ന ശ്രീ നാരായണ ഗുരുവിൻറെ ഗുരുക്കന്മാർ

## പ്രവർത്തനങ്ങൾ

തൈക്കാട് അയ്യാ സ്വാമികൾ ചട്ടമ്പിസ്വാമികൾ തുടങ്ങിയ നവോത്ഥാന നായകരുമായുള്ള ബന്ധം അദേഹത്തിന്റെ നവോത്ഥാന ചിന്തകൾക്ക് ഊർജ്ജം നൽകി. ക്ഷേത്ര പ്രതിഷ്ഠകളിലൂടെ അധസ്ഥിത സമുദായങ്ങളെ ശുധികരിച്ച ഗുരു പിന്നിട് ബോധ വികാസത്തിന് പ്രാധാന്യം നൽകികൊണ്ട് വിദ്യാലയങ്ങൾ ഉണ്ടാക്കുവാനാണ് നേതൃതം നൽകിയത് ക്ഷേത്രങ്ങളോട് അനുബന്ധിച്ച സ്കൂളുകൾ വ്യവസായ കേന്ദ്രങ്ങൾ, വിപണികൾ മറ്റ സ്ഥാപനങ്ങൾ മുതലായവ അദ്ദേഹം സുസജ്ജമാകി

## പ്രശസ്തമായ ചില വചനങ്ങൾ

1. ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും

സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാമിത്.

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

ഒരു യോനിയൊരാകാരമൊരു ഭേദവുമില്ലതിൽ.

2. ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി

നരജാതിയിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം.

ജാതി ചോദിക്കരുത്, പറയരുത്, വിചാരിക്കരുത്.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി.

3. മതമെന്നാൽ അഭിപ്രായം, അതേതായാലും മനുഷ്യന് ഒരുമിച്ച് കഴിഞ്ഞുകൂടാം.

4. സംഘടിച്ച് ശക്തരാകുക, വിദ്യകൊണ്ട് പ്രബുദ്ധരാകുക

5. മദ്യം വിഷമാണ്; അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്.

## നവോത്ഥാന പ്രവർത്തനങ്ങളിലെ ചില നാഴികക്കല്ലുകൾ

### അരുവിപ്പുറം പ്രതിഷ്ഠ

അദ്ദേഹം  അരുവിപ്പുറത്ത് നടത്തിയ വിഗ്രഹ പ്രതിഷ്ഠ കേരള നവോത്ഥാന ചരിത്രത്തിലെ ഒരു പ്രധാന വഴിത്തിരിവായി പരിഗണിക്കപ്പെടുന്നു.

അധഃസ്ഥിത ജനവിഭാഗത്തിനു ക്ഷേത്രപ്രവേശനം അനുവദനീയമല്ലാതിരുന്ന കാലത്ത് അവർക്കും പൂജിക്കാനും പ്രാർത്ഥിക്കാനും ഒരു ക്ഷേത്രം വേണമെന്ന ആവശ്യത്തിനു ശ്രീനാരായണഗുരു 1888 -ൽ നടതിയ പ്രതിഷ്ഠയാണ് അരുവിപ്പുറം പ്രതിഷ്ഠ.

ഗുരു നടത്തിയ പ്രതിഷ്ഠയെ ചോദ്യം ചെയ്യാനെത്തിയ സവർണമേധാവികളോട് ഗുരു "നാം നമ്മുടെ ശിവനെയാണ് പ്രതിഷ്ഠിച്ചത്" എന്നു മറുപടി നൽകുകയാണ് ചെയ്തത്. അധഃകൃത ജനവിഭാഗതിന്റെ ഉന്നമനത്തിനു നാന്ദികുറിച്ച മുഖ്യസംഭവങ്ങളിൽ ഒന്നായിരുന്നു അരുവിപ്പുറം ശിവപ്രതിഷ്ഠ.

### എസ്. എൻ.ഡി.പി യോഗം

അതെ വര്ഷം അതായത് 1888ൽ തന്നെ അരുവിപ്പുറത്ത് "വാവൂട്ട സംഘം" അല്ലെങ്കിൽ "വാവൂട്ടയോഗം" എന്ന ഒരു കൂട്ടായ്മയ്ക്ക് അദ്ദേഹം രൂപം നൽകി. വാവൂട്ടയോഗം 1899-ൽ അരുവിപ്പുറം ക്ഷേത്രയോഗം എന്നപേരിൽ പുനഃസംഘടിപ്പിക്കപ്പെട്ടു.

ഇത് പിന്നീട് 1903 ൽ രൂപംകൊണ്ട ശ്രീനാരായണ ധർമപരിപാലന യോഗത്തിൻറെ അതായത്  (എസ് എൻ ഡി പി) യോഗത്തിൻറെ ഭാഗമായി മാറി.

എസ്.എൻ.ഡി.പി. യോഗത്തിൻറെ ആദ്യ പ്രസിഡണ്ട് നാരായണഗുരുവും ജനറൽ സെക്രട്ടറി കുമാരനാശാനും ആയിരുന്നു.

## ശാരദാ മഠം

1909ൽ അദ്ദേഹം ശിവഗിരിയിൽ ശാരദാ മഠംത്തിനു തറകല്ലിട്ടു. ശാരദാ മഠം ഒരു സരസ്വതി ക്ഷേത്രംമാണ്. 1912ലാണ് ശ്രീ നാരായണ ഗുരു ഇവിടെ പ്രതിഷ്ഠ നടത്തുന്നത്. ശാരദ പ്രതിഷ്ഠാ കമ്മിറ്റിയുടെ പ്രസിഡന്റ് ഡോ. പൽപ്പുവും  സെക്രട്ടറി മഹാകവി കുമാരനാശാനും ആയിരുന്നു

## അദ്വൈതാശ്രമം

1913ൽ അദ്ദേഹം ആലുവയിൽ അദ്വൈതാശ്രമം സ്ഥാപിച്ചു

അദ്വൈത തത്ത്വം പ്രചരിപ്പിക്കുന്നതിനായി 1913-14 കാലഘട്ടത്തിൽ എറണാകുളം ജില്ലയിലെ ആലുവയിൽ ശ്രീനാരായണഗുരു സ്ഥാപിച്ച ആശ്രമമാണ് ആലുവ അദ്വൈതാശ്രമം.

1924-ലെ ശിവരാത്രി നാളിൽ അദ്വൈതാശ്രമത്തിൽ വച്ചാണ് ചരിത്രപ്രസിദ്ധമായ സർവ്വമതസമ്മേളനം നടന്നത്.പൗരസ്ത്യ രാജ്യങ്ങളിൽ നടന്ന ആദ്യത്തെ സർവമതസമ്മേളനമായിരുന്നു അത്. ടി. സദാശിവ അയ്യരാണ് സമ്മേളനത്തിന്റെ അധ്യക്ഷസ്ഥാനം നിർവ്വഹിച്ചത്. ക്രിസ്തുമതം, ബുദ്ധമതം, ഇസ്ലാം മതം, ബ്രഹ്മ സമാജം, ആര്യസമാജം എന്നിവയെ പ്രതിനിധീകരിച്ചുകൊണ്ട് പണ്ഡിതൻമാർ പ്രസംഗിച്ചു. പന്തലിന്റെ പ്രവേശന കവാടത്തിനു മുകളിൽ സമ്മേളനത്തിന്റെ ആപ്തവാക്യം "വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും" എന്നത് ആലേഖനം ചെയ്തിട്ടുണ്ടായിരുന്നു.

ക്ഷേത്രപ്രവേശന സമരങ്ങളിലും വൈക്കം സത്യാഗ്രഹത്തിലുമൊക്കെ ബൌധിക നേതൃത്വം നല്കാൻ അദേഹത്തിന് സാധിച്ചിട്ടുണ്ട്.

Arivintejalakam.com

## വൈക്കം സത്യാഗ്രഹം

ഇന്ന് കേരളത്തിൽ ഉൾപ്പെടുന്ന പഴയ തിരുവിതാംകൂർ രാജ്യത്ത്, ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം മഹാദേവക്ഷേത്രത്തെ കേന്ദ്രീകരിച്ച് 1924 തുടങ്ങി ഏതാണ്ട്600ൽ പരം ദിവസങ്ങൾ നീണ്ടു നിന്ന അയിത്തത്തിനെതിരായ സത്യാഗ്രഹ പ്രസ്ഥാനമാണ് വൈക്കം സത്യാഗ്രഹം.

ക്ഷേത്രത്തിലേയ്ക്കുള്ള പൊതു വഴികളിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതായിരുന്നു സത്യാഗ്രഹത്തിന്റെ ലക്ഷ്യം. ഒരു രാഷ്ട്രീയ മുന്നേറ്റമെന്നതിനു പകരം, ഹൈന്ദവ സമൂഹത്തെ അതിന്റെ

മാലിന്യങ്ങളിൽ നിന്ന് മോചിപ്പിക്കാൻ വേണ്ടിയുള്ള സംരംഭമായിരുന്നു ഈ സത്യാഗ്രഹം. നാരായണഗുരുവിന്റെ സന്ദേശവുമായി ഒത്തു പോകുന്ന ഒരു ലക്ഷ്യമായിരുന്നു ഇത്. അതിനാൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങളിൽ ഒരിക്കലും താൽപര്യം കാണിക്കാതിരുന്ന ഗുരു, വൈക്കം സത്യാഗ്രഹത്തിൽ പ്രത്യേകം താൽപര്യമെടുത്തു സഹകരിച്ചു. വൈക്കത്തുള്ള നാരായണഗുരുവിന്റെ ആശ്രമം സത്യാഗ്രഹികളുടെ ആവശ്യത്തിനായി വിട്ടുകൊടുക്കുകയും ചെയ്തു. കൂടാതെ ശിവഗിരിയിൽ ഒരു സത്യാഗ്രഹനിധി ആരംഭിക്കുകയും ചെയ്തു.

1925ൽ വൈക്കം സത്യാഗ്രഹവുമായി ബന്ധപെട്ട് കേരളത്തിലെത്തിയ ഗാന്ധിജി ശ്രീ നാരായണ ഗുരുവിനെ സന്ദർശിച്ചിട്ടുണ്ട്

## ടാഗോറും ഗുരുവും

1922ൽ മഹാകവി രവീന്ദ്രനാഥ ടാഗോറും അദേഹത്തെ സന്ദർശിച്ചു.

"ഞാൻ പല സിദ്ധൻമാരെയും മഹർഷിമാരെയും കണ്ടിട്ടുണ്ട് . എന്നാൽ അദ്ദേഹത്തെക്കാൾ മികച്ചതോ തുല്യനോ ആയ ഒരു മഹാത്മാവിനെയും എങ്ങും കണ്ടിട്ടില്ല" എന്നാണ് ടാഗോർ പിന്നിട് ശ്രീ നാരായണ ഗുരുവിനെ കുറിച്ച് പറഞ്ഞത്

## വിദേശ സന്ദർശനം

ശ്രീനാരായണ ഗുരു സന്ദർശിച്ച ഏക വിദേശ രാജ്യം ശ്രീലങ്കയാണ് 1918ലും 1926ലും മായി രണ്ട് പ്രാവശ്യം അദ്ദേഹം ശ്രീലങ്ക സന്ദർശിച്ചിട്ടുണ്ട്

Arivintejalakam.com

## മരണം

1928ൽ ശിവഗിരിയിൽ വച്ചാണ് കേരളത്തിൻറെ മഹാനായ ഈ നവോത്ഥാന നായകൻ സമാധിയായത്

## അദ്ദേഹത്തെക്കുറിച്ച് ഓർത്തിരിക്കേണ്ട വർഷങ്ങൾ

1856 - ജനനം

1882 – ചട്ടമ്പിസ്വാമികളുമായുള്ള കണ്ടുമുട്ടൽ

1888 – അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ

1888 – വാവൂട്ടുയോഗം രൂപികരണം

1892 – വിവേകാനന്ദനുമായുള്ള കണ്ടുമുട്ടൽ

1895 - Dr. പൽപ്പുവുമായുള്ള കണ്ടുമുട്ടൽ

1899 - അരുവിപ്പുറം ക്ഷേത്രയോഗം രൂപികരണം

1903 - SNDP യോഗം രൂപികരണം

1909 - ശാരദാ മഠത്തിനു തറക്കല്ലിട്ടു

1912 - ശാരദാ പ്രതിഷ്ഠ നടത്തി

1914 - ആലുവ അദ്വൈതാശ്രമം സ്ഥാപിച്ചു

1918 – ആദ്യ ശ്രീലങ്കൻ സന്ദർശനം

1922 - രവീന്ദ്രനാഥ ടാഗോറിനെ കണ്ടുമുട്ടി

1924 - വൈക്കം സത്യാഗ്രഹം

1925 – ഗാന്ധിജിയെ കണ്ടുമുട്ടി

1926 - രണ്ടാം സിലോൺ (ശ്രീലങ്കൻ) യാത്ര

1928 – സമാധി ആയി

Arivintejalakam.com

## കൃതികൾ

വലിയ സംസ്കൃത പണ്ഡിതനും മലയാള പണ്ഡിതനുമായിരുന്ന അദ്ദേഹം മലയാളം സംസ്കൃതം തമിഴ് എന്നി ഭാഷകളിൽ നിരവധി കൃതികൾ രചിച്ചിട്ടുണ്ട്

### മലയാളം

ദൈവദശകം, ആത്മോപദേശശതകം, അനുകമ്പാദശകം, ജാതിനിർണ്ണയം

### സംസ്കൃതം

വേദാന്തസൂത്രം, ഹോമമന്ത്രം, ദർശനമാല, ചരമ ശ്ലോകങ്ങൾ, ആശ്രമം, നിർവൃതിപഞ്ചകം

### തമിഴ്

തേവാരപ്പതികങ്കൾ

ഇതിനെ കൂടാതെ അദ്ദേഹം ചില കൃതികൾ തമിഴിൽ നിന്ന് മലയാളത്തിലേക് വിവർത്തനം ചെയ്തിട്ടുണ്ട്

### വിവർത്തനങ്ങൾ

തിരുക്കുറൾ ഒടുവിലൊഴുക്കം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ വിവർത്തനങ്ങൾ

## മറ്റു വിവരങ്ങൾ

പോസ്റ്റൽ സ്റ്റാമ്പിൽ പ്രത്യക്ഷപെട്ട ആദ്യ മലയാളി ശ്രീ നാരായണ ഗുരു ആണ്

1967 August 21നാണ് ശ്രീ നാരായണ ഗുരുവിൻറെ സ്മരണാർത്ഥം സ്റ്റാമ്പ് പുറത്തിറക്കിയത്

നാണയത്തിൽ പ്രത്യക്ഷപെട്ട ആദ്യ മലയാളിയും ശ്രീ നാരായണ ഗുരു ആണ് 2006 September 7നാണ് ശ്രീ നാരായണ ഗുരുവിൻറെ 150അം ജന്മദിന വാർഷികത്തോട് അനുബന്ധിച്ച് അദ്ദേഹത്തിൻറെ സ്മരണാർത്ഥം RBI 5 രൂപ നാണയം പുറത്തിറക്കിയത്

മറ്റൊരു രാജ്യത്തിൻറെ പോസ്റ്റൽ സ്റ്റാമ്പിൽ പ്രത്യക്ഷപെട്ട ആദ്യ മലയാളിയും ശ്രീ നാരായണ ഗുരു ആണ്

2016ൽ ശ്രീലങ്കയാണ് ശ്രീ നാരായണ ഗുരുവിൻറെ സ്മരണാർത്ഥം സ്റ്റാമ്പ് പുറത്തിറക്കിയത്

Arivintejalakam.com

For Free Kerala PSC Video Classes Vist :

Arivinte Jalakam [Youtube Channel]

For Notes & Solved Question Papers Visit :

Arivintejalakam.Com